പിറവിക്കാലം



# എമ്മാവൂസ് വചനദൂത്

## ജ്ഞാനികളുടെ സന്ദർശനം

ബ്ര. അഭിഷേക് ഒറവനാംതടത്തിൽ MCBS

മത്തായി 2:1–12

(Vol. 9, Issue 35)

ഈശോമിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന മാതാപിതാക്കളെ, സഹോദരീ-സഹോദരന്മാരെ,

പാരിജാത പുഷ്പങ്ങൾ രാക്കിളിയെന്ന പോലെ, പനിനീർ മലരുകൾ പൂമ്പാറ്റകളെന്ന പോലെ, സർവ്വജ്ഞാനമായ ഒരു പൈതലിലേക്ക് ജ്ഞാനികൾ ആകൃഷ്ഠരാകുന്ന ചരിത്രസംഭവ വിവരണമാണ് വി. മത്തായിയുടെ സുവിശേഷത്തിലൂടെ നാമിന്ന് വായിച്ചു കേട്ടത്. പൗരസ്ത്യദേശത്ത് നിന്നുള്ള ജ്ഞാനികളുടെ കഥ പോലെ ഇത്രമാത്രം മനുഷ്യഭാവനയ്ക്ക് തിരി കൊളുത്തിയ വിവരണം ബൈബിളിൽ വേറെയില്ല എന്നാണ് പോപ്പ് എമരിറ്റസ് ബെനഡിക്ട് 16-ാമൻ പറയുന്നത്. ഉദയസൂര്യന്റെ നാട്ടിൽ നിന്നുള്ള ജ്ഞാനികളുടെ കഥയെ ക്രിസ്തുവിന്റെ ജനനമുമായി ബന്ധിപ്പിച്ചുകൊണ്ട് ഹേറോദോസിന്റെ ഭരണകാലത്ത് യേശുവിന്റെ ജനനസ്ഥലമായ ബെത്‌ലഹേമിൽ സംഭവിച്ച കഥയാണെന്ന് സൂചന നൽകിക്കൊണ്ട് കഥയുടെ ചരിത്രസംഭവം വ്യക്തമായി അവതരിപ്പിക്കുകയാണിവിടെ.

ക്രിസ്തുവിന് വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന സൊവാസ്റ്റർ. അദ്ദേഹം സ്ഥാപിച്ച പാഴ്സി മതത്തിന്റെ മതഗ്രന്ഥമായ 'സെൻ അവെസ്ത'യിൽ, ഭാവിയിൽ ജനിക്കാനിരിക്കുന്ന ഒരു രക്ഷകനെക്കുറിച്ച് പ്രവചിക്കുന്നുണ്ട്. ആ പ്രവചനം ഇപ്രകാരമാണ്. 'ആയിരം വർഷങ്ങൾ കടന്നുപോകുമ്പോൾ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും. അവൻ മാലാഖാമാരോട് സംസാരിക്കും.  അവൻ മുപ്പതാം വയസ്സിലെത്തുമ്പോൾ, സൂര്യൻ അസ്തമിക്കാതെ നിശ്ചലമായി നിലകൊള്ളും. അവൻ മൂന്ന് വർഷങ്ങൾ ലോകം ഭരിക്കും. അതോടെ തിന്മകളുടെ ശക്തികൾക്കു മേൽ അവൻ വിജയം വരിക്കും. 'ഒഷേദാർ' എന്ന് പേരുള്ള ആ രക്ഷകൻ ജനിക്കുമ്പോൾ, ആകാശത്ത് അതിശോഭയേറിയ ഒരു നക്ഷത്രം പ്രത്യക്ഷപ്പെടുമെന്നും' സൊവാസ്റ്റർ സൂചന നൽകുന്നുണ്ട്.

അതിശോഭയേറിയ നക്ഷത്രം ആകാശത്ത് കണ്ട് യൂദയായിൽ മഹാനായ ശിശു ജനിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കിയാണ് ജ്ഞാനികൾ ശിശുവിനെ അന്വേഷിച്ച് വരുന്നത്. മഹാനായവന്റെ ജനനം മണിമാളികയിലാവാമെന്ന് കരുതി ഇടയിൽ വഴി തെറ്റുന്നുണ്ടെങ്കിലും ഒടുവിൽ അവർ യൂദയായിലെ ബെത്‌ലഹേമിൽ ഒരു പുൽത്തൊട്ടിയിൽ തണുത്തുവിറച്ച് കിടക്കുന്ന ശിശുവിനെ കണ്ടെത്തി. പാഴ്സികൾ നൂറ്റാണ്ടുകളായി കാത്തിരുന്ന രക്ഷകനും വർഷങ്ങളായി യഹൂദർ കാത്തിരുന്ന രക്ഷകനും ഒരേ രക്ഷകനാണെന്നുള്ള സത്യം അന്ന് വെളിപ്പെടുത്തപ്പെട്ടു. അവൻ കേവലം ഒരു സമൂ

ഹത്തിന്റെ മാത്രമല്ല, ലോകം മുഴുവന്റെയും രക്ഷകനാണെന്ന സത്യത്തിന്റെ അംഗീകാരമായിരുന്നു അത്.

ജ്ഞാനത്തിന്റെ പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു; 'ജ്ഞാനത്തോട് തുലനം ചെയ്യുമ്പോൾ ധനം നിസ്സാരമാണെന്ന് ഞാൻ കണക്കാക്കി. അനർഘരത്നവും അവൾക്ക് തുല്യമല്ലെന്ന് ഞാൻ കണ്ടു. അവളുടെ മുന്നിൽ സ്വർണ്ണം മണൽത്തരി മാത്രം, വെള്ളി കളിമണ്ണും. അവളോടൊത്ത് എല്ലാ നന്മകളും എണ്ണമറ്റ ധനവും എനിക്ക് ലഭിച്ചു' (ജ്ഞാനം 7). ജ്ഞാനാന്വേഷികളായ ജ്ഞാനികൾ സർവ്വജ്ഞാനമായ ദിവ്യപൈതലിന് മുന്നിലെത്തി. ഇവനാണ് യഥാർത്ഥ സത്യമെന്ന തിരിച്ചറിവിൽ തങ്ങൾക്കുള്ളതെല്ലാം അവന്റെ കാൽക്കൽ സമർപ്പിച്ച് കുമ്പിട്ട് നിൽക്കുന്ന മനോഹരമായ ചിത്രം.

വി. മത്തായിയുടെ സുവിശേഷത്തിലൂടെ ഈശോ പറയുന്നുണ്ട്, 'സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്ക് തുല്യം. അത് കണ്ടെത്തുന്നവൻ സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ സ്വന്തമാക്കുന്നു'. ദൈവം തിരഞ്ഞെടുത്ത് അനുഗ്രഹിച്ച ഇസ്രായേൽ ജനത്തിന് മധ്യേയായിരുന്നു ഈ വയലും നിധിയും ഉണ്ടായിരുന്നതെങ്കിലും നിധി കണ്ടെത്തിയത് വിജാതീയ ജ്ഞാനികളായിരുന്നു. ഇസ്രായേൽ ജനത്തിന് പറ്റിയ തെറ്റ് പലപ്പോഴും നാമും ആവർത്തിക്കുകയല്ലേ. രക്ഷകന്റെ സാന്നിധ്യം തിരിച്ചറിയാനുള്ള അവസരങ്ങൾ നാമും തിരിച്ചറിയാതെ പോകുന്നു. കിഴക്കുദിച്ച നക്ഷത്രം എല്ലാവർക്കും കാണാൻ പാകത്തിലായിരുന്നെങ്കിലും അത് കണ്ടതും അതിനു പിന്നിലെ ദൈവികരഹസ്യം മനസ്സിലാക്കിയതും മൂന്ന് പേർ മാത്രം. ജീവിത തിരക്കുകൾക്കിടയിൽ ദൈവസാന്നിധ്യത്തിന്റെ എത്ര നക്ഷത്രങ്ങളെയാണ് നാം കാണാതെ പോകുന്നത്. വെള്ളിത്തിരയിലെയും കായിക മൈതാനങ്ങളിലെയും താരങ്ങളെ മാത്രം ശ്രദ്ധിച്ച് ജീവിക്കുമ്പോൾ നാം നഷ്ടമാക്കുന്നത് ജീവിതത്തിൽ ദൈവികസാന്നിധ്യമായി ഒപ്പമുള്ള യഥാർത്ഥ താരങ്ങളെയാണ്.

എനിക്ക് ജന്മം നൽകി വളർത്തി വലുതാക്കിയ എന്റെ മാതാപിതാക്കൾ - ചെറുപ്പത്തിൽ അവരായിരുന്നു എന്റെ താരങ്ങൾ. അപ്പനെ അനുകരിച്ച് മുണ്ട് ഉടുക്കുവാൻ, മീശ വരയ്ക്കുവാൻ, അമ്മയെ കണ്ട് സാരി ചുറ്റുവാൻ, തോർത്ത് തലയിൽ കെട്ടി മുടി പിന്നുവാൻ അവരെപ്പോലെയാകാൻ, അവരെ അനുകരിച്ചിരുന്ന എനിക്ക് എപ്പോഴോ അവരുടെ പ്രവൃത്തികളോടുള്ള സ്നേഹവും ആരാധനയും മാറി വെറുപ്പായി തുടങ്ങി. അവരെ അംഗീകരിക്കാൻ കഴിയാതെയായി. അതിന്റെ ഫലമാണ് നമ്മുടെ മാതാപിതാക്കൾ വൃദ്ധസദനങ്ങളിൽ അന്തിയുറങ്ങേണ്ടി വരുന്നത്. സംസാരിക്കാനോ സ്നേഹിക്കാനോ ആരുമില്ലാതെ വാർദ്ധക്യം ഇഴഞ്ഞ് തീർക്കേണ്ടി വരുന്നത്.

സ്കൂളിൽ പോകുവാൻ ചേട്ടനോ ചേച്ചിയോ കൈ പിടിക്കണമെന്ന വാശി. വളർന്നപ്പോൾ സ്വന്തം സഹോദരനെയോ സഹോദരിയെയോ കാണുന്നതുപോലും അസഹനീയമായി മാറുന്നതിന് കാരണവും എന്റെ ജീവിതത്തിന്റെ താരനിരയിൽ നിന്നും അവരെയൊക്കെ ഞാനെന്നോ വെട്ടിമാറ്റിയത് കൊണ്ടാണ്. 'സഹോദരർ ഏകമനസ്സോടെ വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്' എന്നാണ് സങ്കീർത്തകൻ പറയുന്നത്. അമൂല്യമായ അഭിഷേകതൈലത്തോടും ഹെർമോൻ തുഷാരത്തോടുമാണ് സങ്കീർത്തകൻ അതിനെ ഉപമിക്കുന്നതും. ക്രിസ്തുവിലേയ്ക്ക് നടക്കാനുള്ള വഴികാട്ടിയാണ് എന്റെ മാതാപിതാക്കളും കൂടപിറപ്പുകളുമൊക്കെ. എന്നെങ്കിലും ആ താരങ്ങൾക്ക് പ്രഭ മങ്ങുന്നതായി തോന്നിയാൽ അതിന് കാരണം, എന്റെ കണ്ണുകളിലെവിടെയോ മങ്ങൽ/തിമിരം ബാധിക്കുന്നു എന്നതാണ്. മാതാപിതാക്കളെ സ്നേഹിക്കാൻ കഴിയാതെ വരുമ്പോൾ, മരുമക്കൾക്ക് അമ്മായിയമ്മയും അമ്മായിയപ്പയും ഒരു ഭാരമായി മാറുമ്പോൾ, മരുമകളെ അപ്പനും അമ്മയും ഒരു ഭാരമായി കാണുമ്പോൾ, ശാരീരിക ആവശ്യങ്ങളിൽ പരസ്പരം ശുശ്രൂഷിക്കാൻ മടി കാണിക്കുമ്പോൾ എന്റെ വഴിവിളക്കുകളാണ് ഞാനണയ്ക്കുന്നത്. കുഞ്ഞുമക്കൾക്ക് വല്ല്യപ്പനും വല്ല്യമ്മയും ഒരു പാഴ്‌വസ്തുവാകുമ്പോൾ, അവരുടെ സാന്നിധ്യവും കുഴമ്പ് മണവും അസ്വസ്ഥതയുണ്ടാക്കുമ്പോൾ, സഹോദരങ്ങളുടെ ചെറിയ തെറ്റുകൾ പോലും ക്ഷമിക്കാൻ കഴിയാതെ വരുമ്പോൾ എന്റെ ജീവിതത്തിന്റെ നക്ഷത്രങ്ങളെയാണ്-വഴിവിളക്കുകളെയാണ് ഞാനില്ലാതാക്കുന്നത്.

ജ്ഞാനികൾ തുടങ്ങിവച്ച യേശുവിലേയ്ക്കുള്ള യാത്ര ഇന്നും തുടരേണ്ടിയിരിക്കുന്നു. ജ്ഞാനികൾ ഇന്ന് ലോകത്തിന് നൽകുന്ന സന്ദേശവും അത് തന്നെയാണ്. രക്ഷ ക്രിസ്തുവിലാണ്. ആ രക്ഷകനിലേയ്ക്കുള്ള പ്രദക്ഷിണം നിങ്ങളും ആരംഭിക്കുക. എന്റെ മാതാപിതാക്കളും കൂടപ്പിറപ്പുകളും സുഹൃത്തുക്കളുമാകുന്ന നക്ഷത്രങ്ങളെ നോക്കി സഭ നൽകുന്ന കൗദാശിക ജീവിതത്തിന്റെയും കുടുംബ പ്രാർത്ഥനയുടെയും ഭക്താനുഷ്ഠാനങ്ങളുടെയും വഴിയിലൂടെ നമുക്കും ദൈവസന്നിധിയിലേയ്ക്ക് നടക്കാം. ദൈവസാന്നിധ്യത്തിന്റെ അത്ഭുതമായ ഈ വിശുദ്ധ ബലിയിൽ ദൈവാനുഭവം നമുക്ക് ആസ്വദിക്കാം.

ഇരുട്ടിൽ യാത്ര ചെയ്ത പ്രഭാതനക്ഷത്രമായ ക്രിസ്തുവിലേയ്ക്കുള്ള യാത്രയിൽ പുതുപ്പിറവി തരാൻ നമ്മുടെ ജീവിതത്തിലേയ്ക്കിറങ്ങി വന്ന നക്ഷത്രങ്ങളെ നമുക്ക് മറക്കാതിരിക്കാം. അവരെ ഓർക്കാനുള്ള ദിവസമായി ഈ നാളുകൾ മാറട്ടെ. യേശുവിനെ അന്വേഷിക്കേണ്ട ജ്ഞാനികൾ ഇനി നമ്മളാണ്. ഒരു നക്ഷത്രമായി മാറാൻ നമുക്കും ശ്രമിക്കാം. പുതിയൊരു നക്ഷത്രത്തിന്റെ ആഗമനത്തിനായി ഒരുപാട് പേർ ഇരുട്ടിൽ കാത്തിരിക്കുന്നുണ്ടെന്നോർക്കുക. പുൽക്കൂട്ടിലെ ഉണ്ണിയേശു നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ആമേൻ.